## പതിനാലാം കേരള നിയമസഭ

## പതിനെട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ – 117      03.02.2020-ൽ മറുപടിയ്ക്ക്

## പ്രവാസി ഇൻഷുറൻസ്

| ചോദ്യം<br>ശ്രീ.പുരുഷൻ കടലുണ്ടി | | മറുപടി<br>പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
|---|---|---|---|
| എ) | പ്രവാസികൾക്ക് ഇൻഷുറൻസ് ഏർപ്പെടുത്തുന്ന കാര്യം പരിഗണനയിലുണ്ടോ; എങ്കിൽ വിശദാംശങ്ങൾ അറിയിക്കാമോ; | എ) | ഉണ്ട്. നിലവിൽ പ്രവാസികൾക്ക് അപകട ഇൻഷുറൻസ് പരിരക്ഷ നൽകി വരുന്നുണ്ട്. പ്രസ്തുത പദ്ധതിയിൽ അംഗമായിട്ടുള്ളവർക്ക് അപകടംമൂലം മരണം സംഭവിക്കുകയാണെങ്കിൽ രണ്ട് ലക്ഷം രൂപയുടെയും, വൈകല്യം സംഭവിക്കുകയാണെങ്കിൽ അൻപതിനായിരം രൂപയുടെയും പരിരക്ഷ നൽകി വരുന്നു. |
| ബി) | കേരളത്തിന്റെ പൊതുവായ വിഷയങ്ങൾ ചർച്ച ചെയ്യുന്നതിനും പരിഹരിക്കുന്നതിനുമായി ആഗോള ഹാക്കത്തൺ സംഘടിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ അറിയിക്കാമോ? | ബി) | ഉണ്ട്. കേരളത്തിന്റെ വികസന സാധ്യതകളും പ്രശ്നങ്ങളും ഗ്ലോബൽ ഹാക്കത്തോണിൽ ചർച്ചചെയ്യും. ഇതിനായി വിദഗ്ധരെ ഉൾക്കൊള്ളിച്ചായിരിക്കും സമ്മേളനം നടത്തുക. |

സെക്ഷൻ ഓഫീസർ